# KANNUR UNIVERSITY

## PLANNING AND DEVELOPMENT BRANCH

## <u>EXPRESSION OF INTEREST</u>

Pl.D/PLD-B2/ 6701/2019 Date: 25/ 01 /2022

Kannur University invites Expression of Interest (EOI) for starting Cafeteria inside the Student Amenity Centre Building at Thavakkara Campus of Kannur University from experienced and licensed institutions for a period of 1(one) year.

| | |
|---|---|
| Description | To start Cafeteria for students/staff etc. with all facilities to provide snacks , beverages, etc. |
| Last date and time for submission of EOI | 10 / 02 /2022 at 3.00 pm |
| Date and Time for opening of EOI | 10/ 02 /2022 at 3.30 pm |
| Validity of Offer | 1 year |

Please visit the website" **www.kannuruniversity.ac.in** " for more details. The eligible and interested vendors may send detailed response with EOI in the prescribed format to **"The Registrar, Kannur University, Thavakkara Campus, Civil Station P.O, Kannur-670002".**

**Note:** Response for EOI will not be considered unless it is complete. All supporting documents must accompany and to be submitted on or before the due date. Response received after stipulated date & time shall not be considered.

**REGISTRAR(i/c)**

**To**

1. **Website**
2. **Notice Board**
3. **Notice Board, Municipal Corporation, Kannur**

# കണ്ണൂർ സർവകലാശാല

(കഫെറ്റീരിയ നടത്തിപ്പ് സംബന്ധിച്ച് നിബന്ധനകൾ )

1. കണ്ണൂർ സർവകാലശാല, താവക്കര ക്യാമ്പസ് സ്റ്റുഡൻറ് അമിനിറ്റി സെന്ററിലുള്ള കഫെറ്റീരിയയിൽ ഒരു വർഷത്തേക്ക് സർവകലാശാല ജീവനക്കാർക്കും ,അധ്യാപകർക്കും ,വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും വേണ്ടി കഫെറ്റീരിയ നടത്തേണ്ടതാണ്.
2. കഫെറ്റീരിയ നടത്തുന്നതിനുള്ള ആളെ തിരഞ്ഞെടുക്കുമ്പോൾ പ്രസ്തുത ജോലിക്കുള്ള മുൻപരിചയവും അപേക്ഷകന്റെ പ്രാപ്തിയും സാധനങ്ങളുടെ വിലയും പ്രത്യേകം പരിഗണിക്കുന്നതാണ്.
3. കരാർ കാലാവധി ഒരു കൊല്ലത്തേക്കായിരിക്കും, പക്ഷെ കഫെറ്റീരിയ നടത്തിപ്പ് തൃപ്തികരമല്ലെങ്കിൽ ഒരു മാസത്തെ നോട്ടീസ് നൽകിയതിന് ശേഷം കരാർ അവസാനിപ്പിക്കുന്നതാണ്. കഫെറ്റീരിയ നടത്തുന്ന കോൺട്രാക്ടർ ഒരു മാസത്തെ നോട്ടീസ് നൽകിയതിനുശേഷം മാത്രമേ സ്വന്തം നിലയിൽ കഫെറ്റീരിയ നടത്തിപ്പ് അവസാനിപ്പിക്കുവാൻ പാടുള്ളൂ .
4. ഓരോ മാസത്തേയും വെള്ളം,ഇലെക്ട്രിസിറ്റി ചാർജ് എന്നിവ അതാത് മാസം കോൺട്രാക്ടർ നൽകേണ്ടതാണ്.
5. കഫെറ്റീരിയയിൽ ആഹാരസാധനങ്ങളുടെ വിലനിലവാരം വ്യക്തമായി ബോർഡിൽ എഴുതി ഉപഭോക്താക്കൾക്ക് കാണത്തക്കവിധം കോൺട്രാക്ടർ സ്വന്തം ചിലവിൽ പ്രദർശിപ്പിക്കേണ്ടതാണ്
6. കഫെറ്റീരിയയിൽ ആഹാരസാധനങ്ങളല്ലാതെ മറ്റൊന്നും തന്നെ വിൽക്കാൻ പാടുള്ളതല്ല
7. കഫെറ്റീരിയയിൽ വേണ്ടുന്നത്ര ജോലിക്കാരെ നിലവിലുള്ള തൊഴിൽ നിയമങ്ങൾക്കു വിധേയമായി കോൺട്രാക്ടർ നിയമിക്കേണ്ടതാണ് . ജോലിക്കാർ യൂണിഫോം ധരിക്കേണ്ടതാണ്
8. കഫെറ്റീരിയ നടത്തിപ്പിനുള്ള ലൈസൻസ് മുതലായവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഫുഡ് സേഫ്റ്റി ഡിപ്പാർട്മെന്റിൽ നിന്നും വാങ്ങിയിരിക്കേണ്ടതും നിയമാനുസൃതമായ നികുതികൾ മുതലായവ നൽകേണ്ടതും കോൺട്രാക്ടറുടെ ചുമതലയാകുന്നു
9. കഫെറ്റീരിയ നടത്തിപ്പ് സർവകാല നിശ്ചയിക്കുന്ന ഒരു കമ്മിറ്റിയുടെ നിർദേശങ്ങൾക്കും തീരുമാനങ്ങൾക്കും വിധേയമായിരിക്കുന്നതാണ്
10. പൊതുജനങ്ങൾക്കും ആഹാരസാധനങ്ങൾ അനുവദിക്കുന്നതാണ് .ആയതിന്റെ നിബന്ധനകൾ നിശ്ചയിക്കുന്നത് ഖണ്ഡിക 9 ൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ള കമ്മിറ്റിയായിരിക്കും. എന്നാൽ ഖണ്ഡിക 1 ൽ പറഞ്ഞിട്ടുള്ള പ്രകാരം ജീവനക്കാർക്കും അദ്ധ്യാപകർക്കും

വിദ്യാർഥികൾക്കും മറ്റും കൃത്യ സമയത്തിന് ആഹാരം കൊടുക്കുവാൻ കോൺട്രാക്ടർ തീർത്തും ബാധ്യസ്ഥനാണ്

11. കഫെറ്റീരിയയ്ക്കു കേടുപാടുകൾ കൂടാതെ സൂക്ഷിക്കുന്നതോടൊപ്പം കെട്ടിടവും പരിസരവും ശുചിയായി സൂക്ഷിക്കുവാനും ഹൈജീനിക് കണ്ടിഷനിൽ ആഹാരസാധനങ്ങൾ പാകം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും കോൺട്രാക്ടർ ബാധ്യസ്ഥനാണ് .
12. കഫെറ്റേരിയയിൽ ഉണ്ടാവുന്ന മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കേണ്ട ഉത്തരവാദിത്തം കരാറുകാരനിൽ നിക്ഷിപ്തമാണ്
13. കഫെറ്റീരിയ നടത്തിപ്പിന് അത്യാവശ്യമായ പാത്രങ്ങളും മറ്റു അനുസാരികളും സർവകലാശാല നൽകുന്നതാണ് .കാഫെറ്റേറിയയിലേക്കു ആവശ്യമായ ഗ്യാസ് കണക്ഷൻ സർവകലാശാല തരപ്പെടുത്തിക്കൊടുക്കുന്നതായിരിക്കും ,ബർണറും ബന്ധപ്പെട്ട ഫിറ്റിങ്ങുകളും സർവകലാശാല തരപ്പെടുത്തിക്കൊടുക്കും .ഗ്യാസ് കണക്ഷനോട് ഒന്നിച്ചു നൽകുന്ന ഗ്യാസിന്റെ വില കോൺട്രാക്ടർ സർവകലാശാലയ്ക്കു നൽകേണ്ടതാണ്
14. തെരഞ്ഞെടുക്കുന്ന ആൾ കഫെറ്റീരിയ നടത്തുന്നതിന് മുമ്പ് ..**30000/**-..... രൂപ സെക്യൂരിറ്റി ആയി കട്ടിവെക്കുകയും സർവകലാശാല നിശ്ചയിക്കുന്ന വ്യവസ്ഥ അടങ്ങിയ ഒരു എഗ്രിമെന്റിൽ ഒപ്പിടേണ്ടതുമാണ്
15. അപേക്ഷകൻ പ്രത്യേകം സീൽ വെച്ച കവറിൻറെ പുറത്തു കഫെറ്റീരിയനടത്തുന്നതിനുള്ള അപേക്ഷ അതിനായി നിശ്ചയിക്കപ്പെട്ട ദിവസം 3.00 മണിക്ക് മുൻപായി യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസറുടെ പേരിൽ എടുത്ത **1000/-** രൂപയുടെ നിരതദ്രവ്യത്തിന്റെ രശീതിയോടുകൂടി രജിസ്ട്രാർക്ക് സമർപ്പിക്കണം
16. **10.02.2022** വൈകുന്നേരം **3.00** മണി വരെ ലഭിക്കുന്ന അപേക്ഷകൾ അന്നേ ദിവസം **3.30**.മണിക്ക് തുറക്കുന്നതാണ്.
17. അപേക്ഷാഫോമിൽ വിവരിക്കുന്ന (പട്ടികയിൽ) ആഹാരസാധനങ്ങൾ ഗുണമേന്മയോടുകൂടി വിൽക്കുവാൻ സാധിക്കുന്ന ഏറ്റവും കുറഞ്ഞ വില അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.
18. കഫെറ്റീരിയ നടത്തിപ്പിനുള്ള ഏതു അപേക്ഷയും സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള അവകാശം യൂണിവേഴ്സിറ്റി രജിസ്ട്രാറിൽ നിക്ഷിപ്തമാണ്
19. സർവകലാശാലയിൽ നിലവിലുള്ള മറ്റു ലേല നിബന്ധനകൾ ഈ ലേലത്തിനും ബാധകമാണ്.
20. ആഹാരസാധനങ്ങളുടെ തൂക്കം അപേക്ഷയിൽ നിർബന്ധമായും സൂചിപ്പിക്കണം
21. ആഹാരസാധനങ്ങൾ വെളിച്ചെണ്ണയിൽ പാകം ചെയ്യേണ്ടതാണ്
22. സർവകലാശാല നിയമങ്ങൾക്കു വിധേയമായി കഫെറ്റീരിയ നടത്തിക്കൊള്ളാമെന്നു അപേക്ഷകന്റെ പ്രതിജ്ഞ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്

23. സർവകലാശാലയുടെ സൗകര്യങ്ങൾ ഉപയോഗിച്ചു കൊണ്ട് കഫെറ്റീരിയയിൽ തയ്യാറാക്കുന്ന ഭക്ഷണ സാധനങ്ങൾ സർവകലാശാലയ്ക്കു പുറത്തു വില്പന നടത്തുവാനോ മറ്റെവിടെയെങ്കിലും തയ്യാറാക്കുന്ന ഭക്ഷണസാധനങ്ങൾ (പാക്കറ്റിൽ ലഭ്യമാകുന്ന സ്നാക്ക്സ്,സോഫ്റ്റ് സോഫ്റ്റ് ഡ്രിങ്കുകൾ എന്നിവ ഒഴികെ ) സർവകലാശാല കഫെറ്റീരിയയിൽ വില്പന നടത്തുവാൻ പാടില്ല.
24. സർവകലാശാല കഫെറ്റീരിയയിൽ മറ്റു പൊതു പരിപാടികളോ സല്ക്കാരങ്ങളോ നടത്തുവാൻ പാടില്ല
25. ഭക്ഷണ പദാർത്ഥങ്ങൾ കൈ കൊണ്ട് ഉപഭോക്താക്കൾക്കു നൽകുവാൻ പാടുള്ളതല്ല. അതിനു ടോങ്സ് ഉപയോഗിക്കേണ്ടതാണ്
26. കഫെറ്റീരിയയിൽ വിറകു ഉപയോഗിക്കരുത്
27. പ്ലാസ്റ്റിക്, പോളിത്തീൻ അടങ്ങിയ വസ്തുക്കൾ കഫെറ്റീരിയയിൽ ഉപയോഗിക്കാൻ പാടുള്ളതല്ല
28. ഭക്ഷണപദാർത്ഥങ്ങൾ കഴിവതും ചൂടോടെ വിളമ്പേണ്ടതാണ്
29. വില വിവരപ്പട്ടികയിൽ കാണിച്ചിരിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ ആഴ്ചയിൽ ഒരിക്കലെങ്കിലും ഉണ്ടായിരിക്കേണ്ടതാണ്

Sd/-

രജിസ്ട്രാർ

## കണ്ണൂർ സർവകലാശാല  കഫെറ്റീരിയ നടത്തുന്നതിനുള്ള അപേക്ഷ

റഫ നമ്പർ : PLD/PLD-B2/6701/2019(PART IV)          തീയതി:

പേര് :

മേൽവിലാസം :

മൊബൈൽ നമ്പർ :

കഫെറ്റീരിയ നടത്തിപ്പിൽ മുൻകാല പരിചയം സംബന്ധിച്ച വിവരങ്ങൾ :

## ആഹാര സാധനങ്ങളുടെ പട്ടിക

-----------------------------------------------------------------------------------------------------

| ക്രമ നം | ആഹാര സാധനങ്ങൾ | അളവ്/തൂക്കം | വില |
|---|---|---|---|
| 1 | ചായ (പഞ്ചസാര, നല്ല തേയില, ശുദ്ധമായ പാൽ ഇവ ചേർത്ത് ) | | |
| 2 | കാപ്പി (നല്ല ഇനം കാപ്പിപ്പൊടി , പഞ്ചസാര,ശുദ്ധമായ പാൽ ഇവ ചേർത്ത് ) | | |
| 3 | ബ്രൂ കോഫി | | |

| | | | |
|---|---|---|---|
| | | | |
| 4 | ഹോർലിക്സ് / ബോൺ വിറ്റ | | |
| 5 | പശുവിൻ പാൽ | | |
| 6 | ജ്യൂസ് | | |
| 7 | ഷേക്സ് | | |
| 8 | ഐസ് ക്രീം | | |
| 9 | പഫ്സ് (വെജ് ), (നോൺ വെജ്) | | |
| 10 | കട്ട്ലറ്റ് (വെജ് ), (നോൺ വെജ്) | | |
| 11 | ഇറച്ചിപ്പത്തിരി | | |
| 12 | ചിക്കൻ റോൾ | | |
| 13 | സാൻഡ്‌വിച്ച് (വെജ്), (ചിക്കൻ) | | |
| 14 | ബർഗർ | | |
| 15 | കല്ലുമ്മക്കായ നിറച്ചത് | | |
| 16 | സമൂസ | | |
| 17 | ഡോണറ്റ് | | |
| 18 | പാൻകേക്ക്/കേക്ക് | | |
| 19 | നൂഡിൽസ് | | |
| 20 | ഷവർമ | | |

മറ്റിനങ്ങൾ പേരും, അളവ്/തൂക്കം ,വില എന്നിവ കോൺട്രാക്ടർ സൂചിപ്പിക്കണം.

നിബന്ധനയിൽ കാണിച്ച അളവ് പ്രകാരമുള്ള ഭക്ഷണപദാർത്ഥങ്ങൾ മുകളിൽ കാണിച്ച വില നിലവാരത്തിൽ പാകം ചെയ്തു കൊടുക്കുവാൻ ഞാൻ സന്നദ്ധനാണ് .

സർവകലാശാല നിയമങ്ങൾക്കു വിധേയമായി കഫെറ്റേരിയ നടത്തുവാൻ എനിക്ക് പൂർണ സമ്മതമാണെന്ന് ഞാൻ ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു

അപേക്ഷകന്റെ ഒപ്പ്